മാലിന്യമുക്തം നവകേരളം

ഏറ്റെടുത്ത് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി എക്സൈസ് സ്റ്റാഫ് അസോസിയേഷന്റെ ശുചീകരണം സംസ്ഥാന ഉദ്ഘാടനം മന്ത്രി എം ബി രാജേഷ് നിർവഹിക്കുന്നു

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ എല്ലാ ജില്ലകളിലും നടത്തുന്ന പൊതു സ്ഥല ശുചീകരണ പ്രവർത്തനങ്ങളുടെയും സൗന്ദര്യവൽക്കരണത്തിന്റെയും സംസ്ഥാന ഉദ്ഘാടനം മന്ത്രി എം ബി രാജേഷ് നിർവഹിച്ചു.

ലഹരിക്കെതിരായ പോരാട്ടത്തിനോടൊപ്പം മാലിന്യത്തിനെതിരായ പോരാട്ടവും ഏറ്റെടുത്ത സംഘടനയെ മന്ത്രി അഭിനന്ദിച്ചു. ശുചീകരണ തൊഴിലാളികളെ ആദരിച്ചു. ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വിമുക്തിതെരുവ് എന്ന് പ്രതീകാത്മകമായി നാമകരണം ചെയ്തു. പാളയം മുതൽ മ്യൂസിയംവരെ ശുചീകരിക്കുകയും റോഡിന്റെ ഇരുവശങ്ങളിലും ചെടികൾ വച്ച് പിടിപ്പിച്ച് സൗന്ദര്യവൽക്കരിക്കുകയും വേസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തു. വി കെ പ്രശാന്ത് എംഎൽഎ മുഖ്യാതിഥിയായി.

അഡീഷണൽ എക്സൈസ് കമീഷണർമാരായ ഡി രാജീവ്, ഇ എൻ സുരേഷ്, എക്സൈസ് വിജിലൻസ് ഓഫീസർ കെ മുഹമ്മദ് ഷാഫി, എ ആർ സുൽഫിക്കർ, ടി സജുകുമാർ, കെ സന്തോഷ്കുമാർ, പി ഡി പ്രസാദ്, പി ഡി കലേഷ്, വി എ സലിം, എം വിശാഖ് എന്നിവർ സംസാരിച്ചു.

അണിചേർന്ന് 46 ലക്ഷം അയൽക്കൂട്ട കുടുംബങ്ങൾ

തിരുവനന്തപുരം

'മാലിന്യമുക്തം നവകേരളം' ക്യാമ്പയിനിലൂടെ ശുചിത്വകേരളം ലക്ഷ്യമിട്ട് 46 ലക്ഷം അയൽക്കൂട്ട കുടുംബവും കുടുംബശ്രീ ഉദ്യോഗസ്ഥരും വീടുകളും പരിസരങ്ങളും വൃത്തിയാക്കി. 1070 സിഡിഎസ്, 19470 എഡിഎസ്, മൂന്നു ലക്ഷത്തിലേറെ അയൽക്കൂട്ടം, 28387 ബാലസഭ എന്നിവയടക്കം ത്രിതല സംഘടനാ സംവിധാനമാകെ ശുചീകരണത്തിൽ കൈകോർത്തു. തരംതിരിക്കുന്ന മാലിന്യം ഫലപ്രദമായി നിർമാർജനം ചെയ്യാൻ കുടുംബശ്രീ സംവിധാനമൊരുക്കി.

'ഞങ്ങൾ പ്രശ്നത്തോടൊപ്പമല്ല, പരിഹാരത്തോടൊപ്പം' എന്ന മുദ്രാവാക്യം ഉയർത്തിയാണ് കുടുംബശ്രീയുടെ പ്രവർത്തനം. ക്യാമ്പയിന്റെ ഭാഗമായി ബാലസഭകളുടെ നേതൃത്വത്തിൽ 'ശുചിത്വോത്സവം' ക്യാമ്പയിനും സംസ്ഥാനത്ത് നടക്കുന്നുണ്ട്.

ഗുജറാത്തിലെ ഹെറോയിൻ വേട്ട

നൈജീരിയൻ പൗരൻ അറസ്റ്റിൽ

അഹമ്മദാബാദ്

ഗുജറാത്തിലെ രാജ്കോട്ട് ജില്ലയിൽനിന്ന് 214.6 കോടിരൂപ വിലമതിക്കുന്ന 31 കിലോ ഹെറോയിൻ പിടികൂടിയതുമായി ബന്ധപ്പെട്ട് നൈജീരിയൻ പൗരൻ അറസ്റ്റിൽ. ഡൽഹിയിലെ ഉദ്യംനഗറിലെ വാടകവീട്ടിൽനിന്നാണ് പിടിയിലായത്. ഗുജറാത്ത് എടിഎസ്, സൂറത്ത് ക്രൈംബ്രാഞ്ച്, ഡൽഹി നർകോടിക്സ് കൺട്രോൾ ബ്യൂറോ എന്നിവയുടെ സംയുക്ത ഓപ്പറേഷനിലായിരുന്നു അറസ്റ്റ്. അടുത്തിടെ രാജ്കോട്ട് ജില്ലയിലെ ഗ്രാമത്തിൽനിന്ന് പിടിച്ചെടുത്തത് ഇയാൾക്ക് കൈമാറാനായിരുന്ന ഹെറോയിൻ ആയിരുന്നെന്ന് ഗുജറാത്ത് എടിഎസ് സൂപ്രണ്ട് സുനിൽ ജോഷി പറഞ്ഞു. ഡൽഹിയിൽ വ്യാജമേൽവിലാസത്തിൽ കഴിഞ്ഞിരുന്ന ഇയാൾ പാകിസ്ഥാനിൽ നിന്നുള്ള മയക്കുമരുന്നു കടത്തുകാരനുമായി ബന്ധപ്പെട്ടിരുന്നു. പാകിസ്ഥാനിൽനിന്നും ഗുജറാത്ത് തീരം വഴി വന്ന ഹെറോയിൻ ഇയാൾക്ക് വേണ്ടിയായിരുന്നു എന്നും അദ്ദേഹം പറഞ്ഞു.

സ്പിരിറ്റ് കടത്ത്

ബിനാമി പേരിൽ നടത്തിയത് 90 കള്ളുഷാപ്പ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സ്പിരിറ്റ് കടത്തിയതിന് പിടിയിലായ തൃശൂർ ചാലക്കുടി മറ്റത്തൂർ ചെമ്പുചിറ അണലിപ്പറമ്പുവീട്ടിൽ ശ്രീധരൻ ബിനാമി പേരുകളിൽ നടത്തിയത് 90 കള്ളുഷാപ്പുകൾ. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എഴുകോൺ, ശാസ്താംകോട്ട, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, തൃശൂർ വാടനാപ്പള്ളി എന്നീ റെയ്ഞ്ചുകളുടെ പരിധിയിലെ വിവിധ ഗ്രൂപ്പ് ഷാപ്പുകൾ ശ്രീധരൻ ബിനാമി പേരുകളിൽ നടത്തുന്നതായാണ് എക്സൈസ് കണ്ടെത്തിയത്.

സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിലും ബിനാമി ഷാപ്പുകളുള്ളതായും സംശയിക്കുന്നുണ്ട്. 90 ഷാപ്പുകളുടെ ലൈസൻസ് കഴിഞ്ഞ ദിവസം താൽക്കാലികമായി റദ്ദാക്കി. 10 ദിവസത്തിനകം രേഖകൾ ഹാജരാക്കിയില്ലെങ്കിൽ സ്ഥിരമായി റദ്ദാക്കും. ഇത്രയും ഷാപ്പുകളുടെ കെട്ടിട വാടകയും ജീവനക്കാരുടെ വേതനവും ഒരേ ബാങ്ക് അക്കൗണ്ടിൽനിന്നാണ് നൽകിയത്. കാനറാ ബാങ്കിന്റെ ചെട്ടിക്കുളങ്ങര ശാഖയിൽനിന്ന് തെളിവുകൾ എക്സൈസ് ശേഖരിച്ചു. കള്ളുകച്ചവട ഇടപാടിനായി ചെന്നിത്തലയിൽ ശ്രീധരൻ ഓഫീസ് തുറന്നിട്ടുണ്ട്. ഇവിടുത്തെ കംപ്യൂട്ടറുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോഴാണ് സ്വന്തം പേരിൽ തൃശൂരിൽ നടത്തുന്ന ഷാപ്പുകൾക്ക് പുറമെ ബിനാമിയായി ഷാപ്പുകൾ നടത്തുന്നതായും കണ്ടെത്തിയത്. എല്ലാ ഷാപ്പുകളിലേക്കും പാലക്കാടുനിന്ന് കള്ള് കൊണ്ടുവരുന്ന വാഹനങ്ങളുടെ ഉടമ ശ്രീധരന്റെ മകന്റെ ഭാര്യയാണെന്നും കണ്ടെത്തി.

സ്പിരിറ്റ് ഇടപാടിനും തെളിവ്

ശ്രീധരന്റെ ബിനാമി ഷാപ്പുകളിൽ സ്പിരിറ്റ് ചേർത്താണ് കള്ളുവിൽപ്പനയെന്നും സംശയിക്കുന്നുണ്ട്. 2022 ജൂലൈ 27ന് പഞ്ചാബിലെ 'കായ സ്പിരിറ്റ്സ്' എന്ന ഡിസ്റ്റിലറിയുടെ അക്കൗണ്ടിലേക്ക് 35 ലക്ഷം രൂപ ശ്രീധരൻ കൈമാറിയത് കണ്ടെത്തിയത് അന്വേഷണത്തിന് വഴിത്തിരിവായി. ഷാപ്പ് ഉടമ സ്പിരിറ്റ് വാങ്ങേണ്ട ആവശ്യമില്ല. തുടർന്നാണ് ഷാപ്പുകളുടെ ലൈസൻസ് എക്സൈസ് കമീഷണർ സസ്പെൻഡ് ചെയ്തത്. സ്പിരിറ്റ് വാങ്ങിയതിലെ ഇടപാട് തെളിഞ്ഞാൽ ശ്രീധരനെതിരെ ക്രിമിനൽ കേസും വരും.

ഷാപ്പ് ലേലം ഓൺലൈനാക്കും

കള്ളുഷാപ്പുകൾ ബിനാമി പേരുകളിൽ ലേലം വിളിക്കുന്നത് തടയാൻ ലേല നടപടികൾ ഇനിമുതൽ ഓൺലൈനിലാക്കും. പുതിയ മദ്യനയം സർക്കാർ പ്രഖ്യാപിക്കുന്നതോടെ ഷാപ്പുകളുടെ ലേലത്തിലും നടത്തിപ്പിലും അടിമുടി മാറ്റം വന്നേക്കും. മദ്യനയം രണ്ടാഴ്ചയ്ക്കകം പ്രഖ്യാപിക്കും.

പാളയം സമാധാന രാജ്ഞി ബസിലിക്കയുടെ നവതി ആഘോഷ സമാപനം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു. കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ, ആർച്ച്ബിഷപ് സൂസപാക്യം എന്നിവർ സമീപം

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ സമ്മേളനം സമാപിച്ചു

കേന്ദ്രത്തിനെതിരെ യോജിച്ച പ്രക്ഷോഭം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നടപടികൾക്കെതിരെ കേന്ദ്ര മേഖലയിലെ ജീവനക്കാരെയും തൊഴിലാളികളെയും അണിനിരത്തി പ്രക്ഷോഭം സംഘടിപ്പിക്കാൻ കോൺഫെഡറേഷൻ 27–ാം അഖിലേന്ത്യാ സമ്മേളനം ആഹ്വാനം ചെയ്തു. കേന്ദ്ര സർവീസ് മേഖലയിലെ നൂറ്റിമുപ്പതിൽപ്പരം സംഘടനകളെ പ്രതിനിധാനംചെയ്ത് 300 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം തലസ്ഥാനത്ത് സമാപിച്ചു.

പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, ജനാധിപത്യ വിരുദ്ധമായി എൻഎഫ്പിഇയുടെയും എഫ്എസ്ആർഒ സംഘടനകളുടെയും അംഗീകാരം പുനഃസ്ഥാപിക്കുക, സ്ഥിരം തസ്തികകളിലെ കരാർവൽക്കരണവും പുറംകരാർവൽക്കരണവും അവസാനിപ്പിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും കുത്തകവൽക്കരണവും ഉപേക്ഷിക്കുക, എട്ടാം ശമ്പള കമീഷനെ നിയമിക്കുക, ജനാധിപത്യപരമായ ട്രേഡ് യൂണിയൻ അവകാശങ്ങൾ ഉറപ്പാക്കുക എന്നീ പ്രമേയങ്ങൾ അവതരിപ്പിച്ചു.

കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷനും സംസ്ഥാന ജീവനക്കാരുടെ ദേശീയ ഫെഡറേഷനും ചേർന്നുനടത്തുന്ന പ്രക്ഷോഭങ്ങൾ വിജയിപ്പിക്കാൻ തീരുമാനിച്ചു.

രൂപക് സർക്കാർ പ്രസിഡന്റ് എസ് ബി യാദവ് സെക്രട്ടറി ജനറൽ

തിരുവനന്തപുരം

രൂപക് സർക്കാർ, എസ് ബി യാദവ് , പി യു ഖഡ്സെ (ട്രഷറർ)

കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് പ്രസിഡന്റായി രൂപക് സർക്കാരിനെയും (പശ്ചിമ ബംഗാൾ), സെക്രട്ടറി ജനറൽ ആയി എസ് ബി യാദവിനെയും (ഉത്തർപ്രദേശ്) തെരഞ്ഞെടുത്തു. പി യു ഖഡ്സെ (മഹാരാഷ്ട്ര)യാണ് ട്രഷറർ. 37 അംഗ കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ

നിറവോടെ രണ്ടാംനാൾ

കൊച്ചി

സാഹിത്യ–രാഷ്ട്രീയ ചർച്ചകളിൽ കോളുകൊണ്ട് യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ രണ്ടാംനാൾ. മൂന്നുവേദികളിലായി 26 ചർച്ചാ സമ്മേളനങ്ങൾക്ക് വിഷയമായത് കവിതയും നാടകവും മുതൽ നിർമിതബുദ്ധിയുടെ കഥയെഴുത്തും പുസ്തകം മരിക്കുന്ന കാലത്തെ പ്രസാധകരുടെ അവസ്ഥയുംവരെ. ചർച്ചകൾക്ക് കാതുകൊടുത്തും വേദികളോട് കലഹിച്ചും സദസ്സുകളിൽ നിറഞ്ഞത് ആയിരങ്ങൾ.

പാഠ്യപദ്ധതിയിലെ പൊളിച്ചെഴുത്തിന്റെ അനിവാര്യതകളെ ചൂണ്ടിക്കാട്ടിയ 'ഡിജിറ്റൽ കാലത്തെ കുട്ടികളും അവരുടെ രക്ഷാകർതൃത്വവും' ചർച്ചയോടെ ഒന്നാംവേദി ഉണർന്നു. കവിതകൾ ചൊല്ലിയും കവിതയെഴുത്തിനെ നിർവചിച്ചും സമകാല അവസ്ഥയിലെ രാഷ്ട്രീയത്തോട് കവിതകളെ ചേർത്തുനിർത്തി 'കവിതയും രാഷ്ട്രീയവും' സംവാദത്തിൽ കവി സച്ചിദാനന്ദൻ. 'കൊച്ചിയുടെ കാലിഡോസ്കോപ്' ചർച്ച കൊച്ചിയുടെ പുരാവൃത്തങ്ങളിലൂടെയും വർത്തമാനത്തിലൂടെയുമുള്ള ത്രസിപ്പിച്ച യാത്രയായി. കൊച്ചിക്കാരായ എൻ എസ് മാധവനും പി എഫ് മാത്യൂസും സ്റ്റീഫൻ റോബർട്ടുമായിരുന്നു വേദിയിൽ. ചിത്രകാരൻ ബോണി തോമസ് മോഡറേറ്ററായി.

നിർമിതബുദ്ധി അരങ്ങുവാണാലും അത് എഴുത്തുകാരന്റെ ഭാവനയുടെ നിഴൽമാത്രമേയാകൂവെന്നാണ് മലയാളത്തിന്റെ പ്രമുഖ കഥാകൃത്തുക്കളുടെ പക്ഷം. ഉണ്ണി ആർ, ഫ്രാൻസിസ് നൊറോണ, ജി ആർ ഇന്ദുഗോപൻ, പി പി പ്രകാശൻ എന്നിവരായിരുന്നു വേദിയിൽ. രാംമോഹൻ പാലിയത്ത് മോഡറേറ്ററായി. 'വായനയിലെ ജനാധിപത്യം' ചർച്ചയിൽ കെഇഎന്നും 'തെക്കും വടക്കും നടക്കുമുള്ള നോവൽ ഭാഷ' സംവാദത്തിൽ എസ് ഹരീഷും കെ എൻ പ്രശാന്തും സലിൻ മാങ്കുഴിയും സദസ്സിനെ കൈയിലെടുത്തു. രാഷ്ട്രീയത്തിലെ എഴുത്തും എഴുത്തിന്റെ രാഷ്ട്രീയവും മന്ത്രി പി രാജീവും ബെന്യാമിനും ചർച്ചയാക്കി. ദേശത്തിന്റെ എഴുത്തുകാരായി അറിയപ്പെടുന്ന അശോകൻ ചരുവിലും പി എഫ് മാത്യൂസും വി നോയ് തോമസും ആർ രാജശ്രീയും വായനക്കാരുടെ മുൻവിധികളെ പൊളിച്ചെഴുതുന്ന വാദമുഖങ്ങളുയർത്തി. 'എഴുത്തിൽ കലരുന്ന ദേശം' എന്നതായിരുന്നു വിഷയം. 'സാംസ്കാരിക രാഷ്ട്രീയത്തിന്റെ പ്രതിസന്ധിയും പ്രസക്തിയും' വിഷയത്തിലായിരുന്നു എം എ ബേബിയുമായുള്ള സംവാദം. 'അതിരുകൾ കതിരുകൾ' ചർച്ചയിൽ മന്ത്രി എം ബി രാജേഷും കലക്ടർ ദിവ്യ എസ് അയ്യരും സംസാരിച്ചു. ഫെസ്റ്റിവൽ സമാപനദിവസമായ ഞായറാഴ്ച മൂന്ന് വേദികളിലായി 21 ചർച്ചാസമ്മേളനങ്ങൾ ചേരും.

കൊച്ചിയുടെ കലൈഡോസ്കോപ്പ് എന്ന ചർച്ചയ്ക്ക് എത്തിയ എൻ എസ് മാധവൻ സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബിക്കൊപ്പം

കടലോളം സ്നേഹമറിഞ്ഞ് അറിവും അർപുതാമ്മാളും

കൊച്ചി

പേരറിവാളന്റെ മോചനത്തിനായി നടത്തിയ പോരാട്ടങ്ങൾക്കുപിന്നിൽ എന്നും ഉറച്ചുനിന്ന കേരളമക്കൾക്ക് നന്ദി പറയുമ്പോൾ അമ്മ അർപുതാമ്മാളിന്റെ ശബ്ദമിടറി, കണ്ണു നിറഞ്ഞു. അൽപ്പനിമിഷം കൈകൂപ്പി തൊഴുത് മൗനത്തിലാണ്ടു. മക്കളുടെ കാര്യത്തിൽ ഏതൊരമ്മയും ചെയ്യുന്നതേതാനും ചെയ്തിട്ടുള്ളൂ എന്നുപറഞ്ഞ് അരികിലിരിക്കുന്ന അറിവിലേക്ക് നോട്ടമെറിയുമ്പോൾ നിറവെയിൽപോലെ പുഞ്ചിരിച്ചു അവരുടെ പൊന്നുമകൻ. ഫോർട്ട് കൊച്ചിയിലെ യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ വേദിയിൽ 'നീതി വൈകൽ നീതി നിഷേധം' ചർച്ചാവേദിയിൽ എത്തിയതാണ് പേരറിവാളനും അർപുതാമ്മാളും. ചർച്ച ഒട്ടേറെ വൈകാരിക നിമിഷങ്ങൾ സൃഷ്ടിച്ചപ്പോൾ പല പ്പോഴും സദസ്യരുടെ കണ്ണുകൾ ഈറനണിഞ്ഞു.

രാജീവ് ഗാന്ധി വധക്കേസിൽ പ്രതിചേർക്കപ്പെട്ട് മൂന്നു പതിറ്റാണ്ട് തടവനുഭവിച്ച് വധശിക്ഷ കാത്തുകഴിഞ്ഞ പേരറിവാളൻ ഇംഗ്ലീഷും തമിഴും ഇടകലർത്തി പോരാട്ടങ്ങളുടെ നാൾവഴികൾ സദസ്സിനോട് പങ്കിട്ടു. നീതിനിഷേധം തന്റെ ജീവിതത്തിന്റെ ഭാഗമാണെന്ന് പറഞ്ഞ് ചിരിക്കുമ്പോൾ സദസ്സ് വിതുമ്പലടക്കി. മാധ്യമങ്ങളാണ് 'ബോംബുനിർമാണ വിദഗ്ധൻ' എന്ന വിശേഷണം ചാർത്തി വേട്ടയാടിയത്. പക്ഷേ കേസിന്റെ നാൾവഴികളിലൊന്നും അതുതെളിയിക്കാനായില്ല. മാധ്യമവിചാരണക്കുപുറമെ മോചനമെന്ന സ്വപ്നത്തിന് അരികെയെത്തിയപ്പോൾ അതേച്ചൊല്ലി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തമ്മിൽ ഉടലെടുത്ത തർക്കവും നീതി ലഭിക്കുന്നത് വൈകിച്ചു.– പേരറിവാളൻ പറഞ്ഞു.

അറിവിന്റെ കേസ് നടത്തിപ്പിന് പലപ്പോഴും കൊച്ചിയിൽ വന്നിട്ടുള്ള അർപുതാമ്മാൾ അറിവിന്റെ കൈപിടിച്ച് കൊച്ചിയിൽ വരാനായതിന്റെ സന്തോഷം മറച്ചുവച്ചില്ല. മകൻ നിരപരാധിയാണെന്ന് അറിയാവുന്നതുകൊണ്ടാണ് അവനെ ജീവനോടെ തിരിച്ചുപിടിക്കണമെന്ന് ഉറപ്പിച്ചതെന്നും അർപുതാമ്മാൾ പറഞ്ഞു. അനുശ്രീ മോഡറേറ്ററായി.

വായനയുടെ രാഷ്ട്രീയം പ്രധാനം: മന്ത്രി

മന്ത്രി പി രാജീവ് ഫെസ്റ്റിവൽ ഡയറക്ടർ ബെന്യാമിനുമായി സംസാരിക്കുന്നു

കൊച്ചി

എഴുത്തുകാരന്റെ രാഷ്ട്രീയം പോലെ വായനയുടെ രാഷ്ട്രീയവും പ്രധാനമാണെന്ന് വ്യവസായമന്ത്രി പി രാജീവ്. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിൽ 'രാഷ്ട്രീയത്തിലെ എഴുത്ത്, എഴുത്തിലെ രാഷ്ട്രീയം' വിഷയത്തിൽ ഫെസ്റ്റിവൽ ഡയറക്ടർ ബെന്യാമിനുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

വായിക്കാൻ തീരുമാനിച്ചാൽ നമുക്ക് സമയം കണ്ടെത്താനാകും. മന്ത്രിയായശേഷം കൂടുതൽ വാഹനത്തിലിരുന്നും പിന്നെ രാത്രിയിലുമാണ് വായന. അഭിരുചികൾക്കനുസരിച്ച് വായിക്കണം. ശരിയായ ചരിത്രവൽക്കരണം ഏറെ ആവശ്യമുള്ള കാലഘട്ടമാണിത്. ചരിത്രം തിരുത്തപ്പെടുന്ന കാലവും. വാക്കുകൾക്ക് കൃത്യമായ രാഷ്ട്രീയമുണ്ടെന്നും മന്ത്രി പറഞ്ഞു.

ജീവിതം, വായന എന്നിവയെല്ലാമാണ് വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതെന്ന് ബെന്യാമിൻ പറഞ്ഞു. എഴുത്തിന്റെ കാര്യത്തിലും അങ്ങനെയാണ്. നമ്മുടെ നിലപാടും ആകുലതകളുമെല്ലാം എഴുത്തിലും കടന്നുവരും. പലതും മനപ്പൂർവം ഉണ്ടാക്കുന്നതല്ല. എന്നാൽ, ഒന്നോ രണ്ടോ ഇടങ്ങളിൽ സൂക്ഷ്മരാഷ്ട്രീയത്തിന്റെ സൂചനകൾ നൽകാൻ ശ്രമിക്കാറുണ്ടെന്നും ബെന്യാമിൻ പറഞ്ഞു.

സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സാംസ്കാരികരംഗത്ത് ഇടപെടണം

ഫോർട്ട് കൊച്ചി

പുതുതലമുറയെ ആകർഷിക്കുന്നതരത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കല–സാംസ്കാരിക രംഗത്ത് ഇടപെടണമെന്ന് സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗം എം എ ബേബി പറഞ്ഞു. യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഭാഗമായി 'സാംസ്കാരിക രാഷ്ട്രീയം: പ്രസക്തിയും പ്രതിസന്ധിയും' വിഷയത്തിൽ ഡോ. എ കെ അബ്ദുൾ ഹക്കീമുമായി സംഘടിപ്പിച്ച അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രഭാഷണങ്ങൾ കേട്ടിരിക്കാൻ ക്ഷമയുള്ളവരല്ല ഇന്നത്തെ തലമുറ. അവരെ ആകർഷിക്കാൻ സാങ്കേതികരംഗത്തെ ഇടപെടൽ അനിവാര്യമാണ്.

വൈവിധ്യത്തിന്റെ സമൃദ്ധിയെ ആഘോഷിക്കേണ്ട കാലത്ത് അതിനെ അടിച്ചമർത്താനാണ് ഭരണകൂടം ശ്രമിക്കുന്നത്. അത്തരം ശ്രമങ്ങളെ തുറന്നുകാട്ടാനും ചോദ്യംചെയ്യാനും സാഹിത്യോത്സവങ്ങളിലൂടെ സാധിക്കും. കൃത്രിമ ഏകീകരണത്തിനായി പല ശ്രമങ്ങളും രാജ്യത്ത് നടക്കുമ്പോൾ വൈവിധ്യത്തിന്റെ ആഘോഷങ്ങൾക്ക് പ്രസക്തിയേറുന്നുണ്ട്. വൈവിധ്യങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതിലായിരിക്കണം നാം ഒന്നാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

വിവാഹം

കാസർകോട് നീലേശ്വരം പേരോൾ മലേക്കുടിയിൽ എം ഒ വർഗീസിന്റെയും (ദേശാഭിമാനി ന്യൂസ് എഡിറ്റർ കോട്ടയം), ഡോ. മരിയ പേളി വർഗീസിന്റെയും മകൾ ക്രിസ്റ്റീനയും കോട്ടയം കടുവാക്കുളം കളത്തിപ്പറമ്പിൽ തോമസ് സെബാസ്റ്റ്യന്റെയും ഷേർളി സെബാസ്റ്റ്യന്റെയും മകൻ ഷിനോയിയും വിവാഹിതരായി.

പാളയം സമാധാന രാജ്ഞി പള്ളിയുടെ നവതി സമാപനം

തിരുവനന്തപുരം

പാളയം സമാധാന രാജ്ഞി ബസലിക്കയുടെ നവതി ആഘോഷ സമാപനം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അധ്യക്ഷനായി. പള്ളിയുടെ നേതൃത്വത്തിൽ നിർമിച്ച വീടിന്റെ താക്കോൽ കൗൺസിലർ പാളയം രാജൻ കൈമാറി. ആശ്വാസ് ഭവൻ മാനേജിങ് ട്രസ്റ്റി പി ശശിധരൻ, ശാന്തിമന്ദിരം പ്രസിഡന്റ് എസ് സന്തോഷ്, മോഹരശ്മി (അംബേദ്കർ മെമ്മോറിയൽ ഓർഫനേജ്), നാലാഞ്ചിറ സ്നേഹവീട് ഡയറക്ടർ ഫാ. ജോഷ്വാ കണ്ണീലേത്ത് എന്നിവർക്ക് നവതി സാന്ത്വനം പുരസ്കാരങ്ങൾ വിതരണം ചെയ്യും. ആർച്ച്ബിഷപ് ഡോ. എം സൂസപാക്യം, ഫാ. ജോൺ കുറ്റിയിൽ, ജിജി എം ജോൺ തുടങ്ങിയവർ സംസാരിച്ചു.